സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനു വേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ, അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15-11-2014-ലെ 16203/എ.ആർ. 12(1)/2013/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട്.

മൊബൈൽഫോൺ കണക്ഷൻ

13 (1716) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ പേരിൽ മൊബൈൽ ഫോൺ കണക്ഷൻ ഉണ്ടോ ?

ഉത്തരം

മുഖ്യമന്ത്രിയുടെ ഔദ്യോഗിക ഉപയോഗത്തിനായി 9447033333 എന്ന നമ്പറിൽ ഒരു മൊബൈൽഫോൺ സർക്കാർ അനുവദിച്ചിട്ടുണ്ട്.

ഭരണരംഗത്തെ പിഴവുകൾ

14 (1717) ശ്രീ. ജി. സുധാകരൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണരംഗത്തെ പിഴവുകൾ തിരുത്താൻ പ്രത്യേക പരിപാടി ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; പിഴവുകൾ കണ്ടെത്തിയത് ഏത് നിലയിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിന്റെ ഭാഗമായി ഇതിനോടകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) ജനങ്ങൾക്ക് വിവിധ ഘട്ടങ്ങളിൽ നൽകിയതും നടപ്പിലാക്കിയിട്ടില്ലാത്തതുമായ ഉറപ്പുകൾ പാലിക്കാൻ ഈ അവസരം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) അഴിമതിക്കെതിരായ നടപടികൾ ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ഭരണത്തിൽ കൂടുതൽ വിശ്വാസ്യതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി സർക്കാർ നടപടിക്രമങ്ങൾ ആധുനികവൽക്കരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി സർക്കാർ സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കിയതിലൂടെ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ഫ്രണ്ട്സ്/അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭ്യമാക്കുന്നുണ്ട്. വിവരാവകാശനിയമം നടപ്പിലാക്കിയത് ഭരണസംവിധാനം വിശ്വസ്തവും സുതാര്യവുമാക്കാൻ സഹായകമാകുന്നുണ്ട്. അപേക്ഷകളിൽ കാലതാമസം കൂടാതെ എത്രയുംവേഗം തീരുമാനം എടുക്കുന്നതിന്റെയും നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിന്റെയും ഭാഗമായി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, e-office, e-tender തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പാക്കി വരുന്നു. സെക്രട്ടേറിയറ്റിലെ വകുപ്പുകൾ ഉൾപ്പെടെ 120 വകുപ്പുകളിൽ, സ്ഥാപനങ്ങളിൽ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും കാലതാമസം കൂടാതെ തീരുമാനമെടുക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. ഇങ്ങനെ ഭരണത്തിലെ കാലതാമസം ഒഴിവാക്കിയും സുതാര്യതയും ഏകോപനവും വർദ്ധിപ്പിച്ചും നിരവധി നടപടികൾ ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടി

15 (1718) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ 2015 മേയ് 14-ന് നടന്ന ജനസമ്പർക്ക പരിപാടിയിലെ തിക്കിലും തിരക്കിലുംപെട്ട് കുമ്പള ദേവിനഗർ സുനാമി കോളനിയിലെ പരേതനായ മുഹമ്മദിന്റെ ഭാര്യ സാറ (48 വയസ്) നടുവൊടിഞ്ഞ് ആശുപത്രിയിലായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പാവപ്പെട്ട ഈ വീട്ടമ്മയെ സഹായിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?